തീരപ്രദേശമായ വലിയതുറയിൽ ഉണ്ടായിരുന്ന മലമ്പനി രോഗബാധ ഊർജിതമായ കൊതുകുനശീകരണ പ്രവർത്തനം ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലെ തീരപ്രദേശമായ പള്ളിത്തോട്ടത്തും മലപ്പുറം ജില്ലയിലും മലമ്പനികൾ കാണുകയും ആവശ്യമായ ആരോഗ്യ പ്രവർത്തനങ്ങളുടെ ഫലമായി നിയന്ത്രണവിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആവശ്യമായ മരുന്നുകൾ സംഭരിച്ച് സൂക്ഷിക്കാനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആരോഗ്യവകുപ്പ് ഡയറക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കോളറ, വയറിളക്കം തുടങ്ങിയ രോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി 1999 ജൂൺ 7 മുതൽ 13 വരെ സംസ്ഥാനത്തുടനീളം പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ വിപുലമായ രീതിയിൽ ബോധവൽക്കരണവാരാചരണം, രോഗ നിയന്ത്രണത്തെ കുറിച്ചും, പാനീയ ചികിത്സയെകുറിച്ചും നടത്തുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സെമിനാറുകൾ ആരോഗ്യ ജാഥാ പബ്ലിക് മീറ്റിംഗ്, എക്സിബിഷനുകൾ എന്നിവയും നടത്തിവരുന്നു. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതിയും അദ്ധ്യാപകർക്ക് ഓറിയന്റേഷൻ ക്ലാസ്സുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ജലത്തിൽക്കൂടി സാംക്രമികരോഗങ്ങൾ പകരുന്നത് തടയുന്നതിനായി കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൽക്കട്ട ഹൈജിൻ ആന്റ് പബ്ലിക് ഹെൽത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ വാട്ടർ ക്വാളിറ്റി സർവൈലൻസ് പ്രോഗ്രാം ആലപ്പുഴ ജില്ലയിൽ നടത്തുകയും കോഴിക്കോട് തുടങ്ങുകയും ചെയ്തിട്ടുണ്ട്. വയറിളക്ക നിയന്ത്രണത്തെക്കുറിച്ചും പാനീയചികിത്സയെ സംബന്ധിച്ചും ഉള്ള പ്രത്യേക സെമിനാറുകൾ തുടങ്ങി വിവിധങ്ങളായ ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ട്.

12 (*292) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(സി) അതിന് അനുകൂലമായ സൗകര്യങ്ങളുള്ള എത്ര സ്ഥലം സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ട്;

(ഡി) തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തിരമാലയിൽനിന്നും ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവുമോ എന്ന പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ലോകത്തിൽ ഏതെങ്കിലും രാഷ്ട്രം തിരമാലയിൽനിന്നും വൈദ്യുതി ലാഭകരമായി ഉൽപ്പാദിപ്പിക്കുന്നതായി അറിവുണ്ടോ;

(എച്ച്) പരിസ്ഥിതിക്ക് ദോഷകരമായ താപ വൈദ്യുതി നിലയങ്ങൾക്ക് പകരമായി പാരമ്പര്യേതര ഊർജ്ജപദ്ധതികൾക്ക് പ്രാമുഖ്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തെയും പ്രത്യേകിച്ച് ഗ്രാമ പ്രദേശത്തെ ജനങ്ങളുടെ ഊർജ്ജാവശ്യം നിറവേറ്റുന്നതിനായി 1996-97 മുതൽ 1998-99 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ 83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പരിപാടിയനുസരിച്ച് സംസ്ഥാനത്തെ 152 ബ്ലോക്കുകൾ വഴി പാരമ്പര്യേതര ഊർജ്ജ പരിപാടികൾ നടപ്പിലാക്കാൻ 1997-98 വർഷത്തിൽ വിനിയോഗിച്ച 21 കോടി രൂപയും ഇതിൽപ്പെടുന്നു.

ഗ്രാമ പ്രദേശത്തെ വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കാനും, വർദ്ധിച്ചുവരുന്ന വനനശീകരണത്തെ തടയാനും ഉതകുന്ന മെച്ചപ്പെട്ട വിറകടുപ്പുകൾ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 54869 അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 6640/ മാറ്റി വയ്ക്കാവുന്ന അടുപ്പുകളും 800 കമ്മ്യൂണിറ്റി അടുപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. സൂര്യവെളിച്ചം ഉപയോഗപ്പെടുത്തി പ്രവർത്തിപ്പിക്കുന്ന 36000 സൗരോർജ്ജ റാന്തലുകൾ, 1100 ഗാർഹിക വിളക്കുകൾ, 61 തെരുവു വിളക്കുകൾ, 20 ടെലിവിഷൻ പവർ പാർക്കുകൾ 160 സൗരോർജ്ജ പമ്പുകൾ, 180 സോളാർ വാട്ടർ ഹീറ്ററുകൾ എന്നിവയും ഗ്രാമീണരുടെ ഉർജ്ജാവശ്യത്തിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭാരത് ഹെവി ഇലക്ട്രിക്കൽസിന്റെ സാങ്കേതിക സഹായത്തോടുകൂടി 25 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പവ്വർ പ്ലാന്റ് (ഗ്രിഡ് ഇന്റെറാക്ടീവ്) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ കൊക്കത്തോട്ടിൽ 3 കി.വാട്ട് ശേഷിയുള്ള ഒരു സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കാനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളിൽ എത്തിക്കുന്നതിനായി 300 ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്ത് സംഘടിപ്പിക്കുകയും 82000 ഇലക്ട്രോണിക് ചോക്കുകൾ, 150000 സി.എഫ്. ലാമ്പുകൾ, 100000 പ്രഷർ കുക്കറുകൾ, 110000 മണ്ണെണ്ണ സ്റ്റൗ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ബോധവൽക്കരണ പരിപാടിക്ക് 1997-98 വർഷത്തേയ്ക്കുള്ള ഭാരത സർക്കാരിന്റെ അവാർഡിന് നമ്മുടെ സംസ്ഥാനത്തെ തെരഞ്ഞെടുത്തു. എല്ലാ പരിപാടികളുടെയും ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഓരോ ജില്ലയിലും 2 വീതം ഐ.ആർ.ഇ.പി. ഓഫീസുകൾ വഴിയാണ് ഇവ വിതരണം ചെയ്തത്.

(ബി) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എന്ന സ്ഥലത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതി (2.025 മെഗാവാട്ട്സ്) സ്ഥാപിച്ചിട്ടുണ്ട്

(സി) 13 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്

(ഡി) വിഴിഞ്ഞത്ത് ഒരു പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്ര സർക്കാരിന്റെ സമുദ്ര വകുപ്പിന്റെയും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസിന്റെയും സഹായത്തോടെയാണ് ഈ പദ്ധതി സ്ഥാപിച്ചിട്ടുള്ളത്.

(എഫ്) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും കേന്ദ്ര സർക്കാരിന്റെ സമുദ്ര വകുപ്പുമാണ് ഇതു സംബന്ധിച്ച് പഠനം നടത്തിവരുന്നത്.

(ജി) ബ്രിട്ടൻ, ജപ്പാൻ, ഇസ്രായേൽ മുതലായ രാഷ്ട്രങ്ങളിൽ ഇത്തരത്തിലുള്ള ധാരാളം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഇവിടങ്ങളിൽ ഈ പദ്ധതി ലാഭകരമാണോ എന്ന് അറിവായിട്ടില്ല.

(എച്ച്) സംസ്ഥാനത്തെ ഊർജ്ജാവശ്യങ്ങൾ മുഴുവനും നിറവേറ്റാൻ പാരമ്പര്യേതര ഊർജ്ജപദ്ധതികൾ കൊണ്ടുമാത്രം കഴിയുമെന്നുതോന്നുന്നില്ല.

13 (*293) **കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ**

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എളമരം കരീം :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് സർക്കാർ പഠനം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കന്നുകാലി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഉണ്ട്. കൃത്രിമ ബീജസങ്കലന പദ്ധതി നടപ്പിലാക്കിയതുവഴി സംസ്ഥാനത്തെ കന്നുകാലികളിൽ 67.3 ശതമാനം ഉല്പാദനശേഷി കൂടിയ സങ്കരവർഗ്ഗങ്ങളായി മാറിയിട്ടുണ്ട്. സങ്കരവർഗ്ഗങ്ങളുടെ അനുപാതം വർദ്ധിപ്പിച്ചതോടുകൂടി കന്നുകാലികളുടെ ഉല്പാദനശേഷിയും ക്ഷീരോല്പാദനവും വർദ്ധിച്ചു. 1960-ൽ സംസ്ഥാനത്തെ ക്ഷീരോല്പാദനം 2.05 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 1997-98-ൽ 22.50 ലക്ഷം മെട്രിക്ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly